<u>പത്രക്കുറിപ്പ്</u>

# പോലീസ് ലോഗോ ഉപയോഗിച്ച് പ്രൊഫൈൽ ചിത്രം നിർമ്മിച്ച് കമ്മീഷണർ എന്ന വ്യാജേന സന്ദേശം അയച്ചയാൾ പിടിയിൽ

തിരുവനന്തപുരം :- പോലീസ് ലോഗോ ഉപയോഗിച്ച് വാട്സ്ആപ്പ് പ്രൊഫൈൽ ചിത്രം നിർമ്മിച്ച് പോലീസ് കമ്മീഷണർ എന്ന വ്യാജേന സന്ദേശങ്ങൾ പ്രചരിപ്പിച്ചയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ പോങ്ങുവിള വീട്ടിൽ അമൽജിത് (29)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. വെൽഡിംഗ് തൊഴിലാളിയായ ഇയാൾ കേരളാ പോലീസ് ലോഗോ ചേർത്ത് പ്രൊഫൈൽ ചിത്രം നിർമ്മിച്ച് സിറ്റി പോലീസ് കമ്മീഷണർ എന്ന് കാണിച്ച് വാട്സ്ആപ്പിൽ ബിസ്സിനസ്സ് അക്കൗണ്ട് തുടങ്ങിയാണ് വ്യാജസന്ദേശങ്ങൾ അയച്ചത്. ആ നമ്പരിൽ നിന്നും പലർക്കും *"നിങ്ങളുടെ നമ്പർ സൈബർ സെൽ നിരീക്ഷിക്കുന്നു"* എന്നും മറ്റുമുള്ള ഭീഷണി സന്ദേശങ്ങളാണ് ഇയാൾ അയച്ചു വന്നിരുന്നത്. ട്രൂ-കോളറിലും കമ്മീഷണർ എന്നുള്ള പേര്




വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
**അമൽജിത് (29)**

നമ്പരിൽ വരത്തക്ക രീതിയിലും ഇയാൾ കൃത്രിമം കാണിച്ചിരുന്നു. ഇത് സിറ്റി സൈബർ സെൽ കണ്ടെത്തി വിഴിഞ്ഞം പോലീസിന് വിവരം കൈമാറുകയായിരുന്നു. തുടർന്ന് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ അറസ്റ്റിലായത്. വിഴിഞ്ഞം എസ്.എച്ച്.ഒ എസ്.ബി.പ്രവീൺ, എസ്.ഐ-മാരായ സജി.എസ്.എസ്, വിഷ്ണു സജീവ്, സി.പി.ഒ-മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## അറിയിപ്പ്

**വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം. 776/16-ാം നമ്പർ കേസ്സിന്റെ പുനരന്വേഷണവുമായി ബന്ധപ്പെട്ട അറിയിപ്പ്.**

2016-ൽ വഞ്ചിയൂർ ശ്രീചിത്രാ ഹോമിലെ അന്തേവാസിയായിരുന്ന ആന്ധ്രപ്രദേശ് സ്വദേശിനിയായ കല്പന എന്ന പെൺകുട്ടി 2016 ജൂൺ മാസം മുതൽ കാൺമാനില്ല. കാണാതാകുമ്പോൾ 15 വയസ്സ് പ്രായം. ആന്ധ്രാപ്രദേശിലെ കായംപേട്ട എന്ന സ്ഥലത്തെ ബ്രഹ്മപട്ട് എസ്.സി കോളനിയിൽ നിന്നും വീട് വിട്ടിറങ്ങിയ പെൺകുട്ടി തിരുവനന്തപുരം തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ എത്തുകയും അവിടെ അലഞ്ഞു തിരിഞ്ഞ പെൺകുട്ടിയെ ആർ.പി.എഫ് ഉദ്യോഗസ്ഥർ ചൈൽഡ്



കൽപന
വയസ്-15/2016
ആന്ധ്രാപ്രദേശ്

ലൈൻ പ്രവർത്തകരെ ഏൽപ്പിക്കുകയും, ചൈൽഡ് ലൈൻ പ്രവർത്തകർ പെൺകുട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ ആന്ധ്രാപ്രദേശ് ഉദ്യോഗസ്ഥർക്ക് കൈമാറിയെങ്കിലും ബന്ധുക്കളാരും എത്താത്തതിനെ തുടർന്ന് ശ്രീചിത്രാ ഹോമിൽ പാർപ്പിക്കുകയായിരുന്നു. 26.06.2016 രാവിലെ 08.00 മണിയോടുകൂടി ശ്രീചിത്രാ ഹോമിൽ നിന്നും പുറത്ത് പോയ പെൺകുട്ടി ഇതുവരേയും തിരിച്ചെത്തുകയോ കണ്ടെത്തുവാനോ കഴിഞ്ഞിട്ടില്ല.

ഉദ്ദേശം 5 അടി പൊക്കം, മെലിഞ്ഞ ശരീരം, കറുത്ത നിറം, ചെമ്പിച്ച തലമുടി, മൂക്കുത്തി ധരിച്ചിട്ടുണ്ട്. കാണാതാകുമ്പോൾ ഗോൾഡൺ കളർ ചുരീദാറും ബ്രൗൺ കളർ പാൻസുമാണ് വേഷം. മേൽപ്പറഞ്ഞ വിവരങ്ങളോടു കൂടിയ പെൺകുട്ടിയെക്കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ താഴെപ്പറയുന്ന ഫോൺ നമ്പരുമായി ബന്ധപ്പെടുക.

| | | |
|---|---|---|
| വഞ്ചിയൂർ ഐ.എസ്.എച്ച്.ഒ | : | 9497987007 |
| വഞ്ചിയൂർ സബ് ഇൻസ്പെക്ടർ | : | 9497980031 |
| വഞ്ചിയൂർ പോലീസ് സ്റ്റേഷൻ | : | 0471-2461129 |

തിരുവനന്തപുരം സിറ്റി
04-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി